മലയാള മനോരമ
ESTABLISHED 1888

19 September 2018

# മൽസ്യമേഖലയുടെ പരിപാലനത്തിന് പ്രത്യേക സമിതികൾ വരുന്നു

കൊച്ചി • മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെ ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടെ മൽസ്യമേഖലയുടെ പരിപാലനത്തിനു പ്രത്യേക സമിതികൾ വരുന്നു.

ഗ്രാമ, ജില്ല, സംസ്ഥാന തലങ്ങളിലാണ് പങ്കാളിത്ത പരിപാലന സമിതികൾ രൂപവൽക്കരിക്കുക.

കേരള മറൈൻ ഫിഷറീസ് റഗുലേഷൻസ് ആക്റ്റിന്റെ (കെഎംഎഫ്ആർഎ) ഭേദഗതിയുടെ പശ്ചാത്തലത്തിൽ സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാലയിലാണു സമിതിയെ കുറിച്ചു ചർച്ച നടന്നത്.

സംസ്ഥാന ഫിഷറീസ് ഡയറക്ടർ വെങ്കടേശപതി, സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ സുനിൽ മുഹമ്മദ്, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. ലീല എഡ്‌വിൻ, ഡോ. ടി.എം. നജ്മുദ്ദീൻ, ഇഗ്നേഷ്യസ് മാൻഡ്രോ, ഡോ. ദിനേശ് ചെറുവത്ത്, താജുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

ശിൽപശാല ഇന്നു സമാപിക്കും.